കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഏലത്തിന് വിലകുറയുന്നത് കർഷകർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

(ബി) ഏലം കർഷകരെ ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഏലം വിപണനത്തിന് സഹായകമായ വിവിധ പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

e-ലേലം, സ്പൈസസ് പാർക്കിന്റെ പ്രവർത്തനം എന്നിവയൊക്കെ ഏലം കർഷകർക്ക് പ്രയോജനകരമായ സംഗതികളാണ്.

(സി & ഡി) വിശദമായി പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

## സാമൂഹ്യക്ഷേമ പെൻഷൻ വിതരണം

21 (*291) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നുവോ;

(ബി) പെൻഷൻ വിതരണത്തിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പെൻഷൻ കുടിശ്ശികയുടെ സ്വഭാവം വ്യത്യസ്തമാണ്. ഓരോ പെൻഷനും ഒരേ രീതിയിലല്ല കുടിശ്ശിക നിലനിൽക്കുന്നത്. കുടിശ്ശികയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ലാത്തതിനാൽ കുടിശ്ശിക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല എന്നിരുന്നാലും 2011 ഏപ്രിൽ മാസത്തിനുമുൻപ് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക നൽകിക്കഴിഞ്ഞു.

(ബി) 'ബി' പിരിവിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly